**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 920** **11-02-2025 - ൽ മറുപടിയ്ക്ക്**

**ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ചിമ്മിനി ഡാം വനമേഖലയിൽ ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ചിമ്മിനി ഡാം വനമേഖലയിൽ ചിമ്മിനി ഇക്കോടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് 5 കോടി രൂപയുടെ പദ്ധതി പ്രൊപ്പോസലിന് 28.10.2023ലെ ഇക്കോ ടൂറിസം ക്ലിയറിംഗ് കമ്മിറ്റി യോഗം അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ടമായി പുതുക്കാട് എം.എൽ.എ. യുടെ എ.ഡി.എസ്. ഫണ്ടിൽനിന്നും 50 ലക്ഷം രൂപയും, ടൂറിസം ഡെസ്റ്റിനേഷൻ ചലഞ്ച് ഫണ്ടിൽനിന്നും 50 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ഇതിൽ ചിമ്മിനി ഇക്കോടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ടോയിലറ്റ് സൗകര്യം സ്ഥാപിക്കുന്നതിനും ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ സൈനേജ് സ്ഥാപിക്കുന്നതിനും, എം.എൽ.എ. (എ.ഡി.എസ്) ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ വകയിരുത്തുകയും. തൃശ്ശൂർ ജില്ലാ കളക്ടർ 10.12.2024 തീയതിയിലെ നടപടി ഉത്തരവുപ്രകാരം 50 ലക്ഷം രൂപ അനുവദിച്ച് പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി ലഭ്യമാകിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കരാർ നൽകി പീച്ചി വൈൽഡ് ലൈഫ് വാർഡൻ 20.01.2025-ന് ഉത്തരവാകുകയും, പ്രവൃത്തികൾ നടന്നു വരുകയുമാണ്.<br><br>ടി പദ്ധതിയുമായി ബന്ധപ്പെട്ട് ടൂറിസം **വകുപ്പിൽ നിന്ന് ലഭ്യമാക്കേണ്ട ഫണ്ട് കൂടി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കും.** |
| (ബി) | മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ ചിമ്മിനി ഇക്കോ ടൂറിസം പദ്ധതിയുടെ ആദ്യഘട്ടത്തിനായി അനുവദിച്ച് ഭരണാനുമതി ലഭ്യമായ സാഹചര്യത്തിൽ ടൂറിസം ഫണ്ട് ഉൾപ്പടെയുള്ള ഫണ്ട് വിനിയോഗിച്ച് ചിമ്മിനി ഇക്കോ | (ബി) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ചിമ്മിനി ഡാം വനമേഖലയിൽ ചിമ്മിനി ഇക്കോടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് 5 കോടി രൂപയുടെ പദ്ധതി പ്രൊപ്പോസലിന് 28.10.2023ലെ ഇക്കോ ടൂറിസം ക്ലിയറിംഗ് കമ്മിറ്റി യോഗം അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ടമായി |

| | | | |
|---|---|---|---|
| | ടൂറിസം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടികൾ വകുപ്പ് സ്വീകരിക്കുമോ? | | പുതുക്കാട് എം.എൽ.എ. യുടെ എ.ഡി.എസ്. ഫണ്ടിൽനിന്നും 50 ലക്ഷം രൂപയും, ടൂറിസം ഡെസ്റ്റിനേഷൻ ചലഞ്ച് ഫണ്ടിൽനിന്നും 50 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ഇതിൽ ചിമ്മിനി ഇക്കോടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ടോയിലറ്റ് സൗകര്യം സ്ഥാപിക്കുന്നതിനും ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ സൈനേജ് സ്ഥാപിക്കുന്നതിനും, എം.എൽ.എ. (എ.ഡി.എസ്) ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ വകയിരുത്തുകയും. തൃശ്ശൂർ ജില്ലാ കളക്ടർ 10.12.2024 തീയതിയിലെ നടപടി ഉത്തരവുപ്രകാരം 50 ലക്ഷം രൂപ അനുവദിച്ച് പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി ലഭ്യമാകിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കരാർ നൽകി പീച്ചി വൈൽഡ് ലൈഫ് വാർഡൻ 20.01.2025-ന് ഉത്തരവാകുകയും, പ്രവൃത്തികൾ നടന്നു വരുകയുമാണ്.<br><br>ടി പദ്ധതിയുമായി ബന്ധപ്പെട്ട് ടൂറിസം **വകുപ്പിൽ നിന്ന് ലഭ്യമാക്കേണ്ട ഫണ്ട് കൂടി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കും.** |

സെക്ഷൻ ഓഫീസർ